02/12/21.

12/11/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 607(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.5469/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ശശിധരൻ. എൻ,**
**ശോഭനാ മന്ദിരം,**
**കോട്ടാത്തല പി.ഒ,**
**കൊട്ടാരക്കര – 691 507.** } **അപ്പീൽ ഹർജിക്കാരൻ**

Vs.

**1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസ്,**
**കർബല ജംഗ്ഷൻ, റെയിൽവേ സ്റ്റേഷന് സമീപം,**
**കൊല്ലം – 691 001.**

**2. അപ്പീൽ അധികാരി ,**
**ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസ്,**
**കർബല ജംഗ്ഷൻ, റെയിൽവേ സ്റ്റേഷന് സമീപം,**
**കൊല്ലം – 691 001.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28/04/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ശശിധരൻ. എൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും വ്യക്ത മായ മറുപടി ലഭ്യമായില്ലെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 13.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ജില്ലാ ഖാദി ഗ്രാമ വ്യവസായ ആഫീസിൽ ശ്രീമതി. ഗിരിജ കുമാരി, വിഷ്ണു നിവാസ്, അമ്പലംമുക്ക്, ഇളവാട് പി.ഒ, കൊട്ടാരക്കര എന്നയാൾ (2015-20 ലെ ഇടമുളക്കൽ വെളിനെല്ലൂർ ഡിവിഷനിലെ ജില്ലാ പഞ്ചായത്തംഗം) ഏതെങ്കിലും കാലയളവിൽ ദിവസവേതനത്തിനോ അല്ലാതെയോ ഏതെങ്കിലും ജോലി ചെയ്തിട്ടുണ്ടോ എന്നും

2) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അത് എന്നു മുതൽ എന്ന് വരെയാണെന്നും

3) ടി സമയം ടിയാൾക്ക് നൽകിയിരുന്ന ദിവസവേതനം എത്രയാണെന്നും

4) ടി സമയം ടിയാളുടെ സാലറി ഡിസ്ബേഴ്സിംഗ് ഓഫീസർ ആരായിരുന്നുവെന്നുമാണ്.

3. ഹർജിക്കാരന്റെ 13.02.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 27.02.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 05.03.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 26.03.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 03.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടെത്തുന്നതിനായി അപേക്ഷയിൽ ഏകദേശം കാല

യളവായി സൂചിപ്പിച്ചിരുന്ന 1995 മുതലുള്ള രേഖകൾ പരിശോധിച്ചുവെന്നും ആയതിൽ ശ്രീമതി. ഗിരിജാകുമാരി എന്ന വ്യക്തി ഏതെങ്കിലും സ്ഥിരം തസ്തികയിലോ, ദിവസ വേതനത്തിലോ ജോലി ചെയ്തതായി രേഖകളിൽ കണ്ടെത്താനായില്ലെന്നും ടി ഓഫീസിന് കീഴിലുള്ള ഖാദി വില്പനശാലകളിൽ മാനേജർമാരെ സഹായിക്കുന്നതിനായി ദിവസവേതനത്തിൽ നിശ്ചിത കാലയളവിലേയ്ക്ക് ഓണം, ക്രിസ്മസ് തുടങ്ങിയ ഉൽസവകാലങ്ങളിൽ അധിക വില്പനയുള്ളപ്പോൾ വില്പന സഹായികളെ നിയമിക്കാറുണ്ടെന്നും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർക്ക് അതാത് വില്പനശാലയിലെ കണ്ടിജൻസി ചെലവുകളിൽ ഉൾപ്പെടുത്തി ജോലി ചെയ്ത ദിവസങ്ങളിലെ വേതനം നൽകുകയാണ് ചെയ്യുന്നതെന്നും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവരുടെ വേതനം വിതരണം ചെയ്തതു സംബന്ധിച്ച കണക്കുകൾ രേഖപ്പെടുത്തുമെങ്കിലും ജോലിനോക്കിയവരുടെ പേരു വിവരം രേഖകളിൽ ഉൾക്കൊള്ളിക്കാറില്ലെന്നും ആയതിനാൽ അക്കാലയളവിൽ ശമ്പളം കൈപ്പറ്റിയ വ്യക്തി അപേക്ഷയിൽ സൂചിപ്പിച്ച ആളാണോ എന്നും ടി കാലയളവിൽ ജോലി നോക്കിയിരുന്നത് അതേ വ്യക്തിയാണോ എന്നും വ്യക്തമാക്കുവാൻ കഴിയില്ലെന്നുമാണ്. ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് വിവരങ്ങൾ ലഭ്യമാക്കിയതെന്നും മനപൂർവ്വമായി ഹർജിക്കാരന് വിവരം ലഭ്യമാക്കാതിരുന്നിട്ടില്ലെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും എതിർകക്ഷികൾ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കാണുന്നത്. 12.11.2021 ൽ കമ്മീഷൻ പുനലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ശ്രീമതി. ഗിരിജ കുമാരി എന്നയാൾ എതിർകക്ഷി ഓഫീസിൽ ജോലി ചെയ്തിരുന്നോ എന്നും ആയത് സംബന്ധിച്ച കുറച്ച് വിവരങ്ങളുമാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. ആയതിന് ഫയൽ പരിശോധിച്ചതിൽ ഇങ്ങനെയൊരാൾ ജോലി ചെയ്തിരുന്നതായി കണ്ടെത്താൻ കഴിഞ്ഞില്ല എന്നാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത്. ടിയാന്റെ സഹോദരൻ ഖാദി ബോർഡിലാണ് ജോലി ചെയ്തിരുന്നതെന്നും അങ്ങിനെ ശ്രീമതി. ഗിരിജ കുമാരി എന്നയാൾ ടി ഓഫീസിൽ ജോലി ചെയ്തിരു

ന്നതായി അറിയാമെന്നുമാണ് ഹർജിക്കാരന്റെ മൊഴിയിൽ പറയുന്നത്. ദിവസ വേതനാടിസ്ഥാനത്തിൽ ജോലിക്ക് വക്കുന്നവരെ ഓഫീസിൽ നിയമിക്കാറി ല്ലെന്നും അവരെ ഷോറൂമുകളിലാണ് ജോലിക്ക് നിർത്താറുള്ളതെന്നും സ്റ്റോക്കിന്റെ ചുമതല പൂർണ്ണമായും മാനേജർക്കാണ് നൽകുന്നതെന്നും ചിന്നക്ക ടയിലേയും കർബല ജംഗ്ഷനിലേയും സ്റ്റോറുകളുടെ രജിസ്റ്ററുകൾ (day book, aquittance book, salary register) തുടങ്ങിയവയെല്ലാം പരിശോധിച്ചതിലും ഇപ്രകാരം ഒരാൾ അവിടെയെങ്ങും ജോലി ചെയ്തിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും മാനേജർമാരുടെ സഹായത്തിനായി നിൽക്കുന്നവരെ സ്റ്റോക്കിന്റെ ചുമതലയും മറ്റും ഏൽപ്പിക്കാറില്ല എന്നുമാണ് ഒന്നാം എതിർകക്ഷി യുടെ മൊഴിയിൽ പറയുന്നത്. സഹായികളായി മാനേജർമാർ നിർത്തുന്നവർക്ക് ശമ്പളം ഷോപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നാണ് നൽകുന്നതെന്നും ആയ തിന് കണക്കുണ്ടാവുമെങ്കിലും കൈപ്പറ്റിയ ആളിന്റെ പേര് എഴുതി സൂക്ഷിക്കാറി ല്ലെന്നുമാണ് എതിർകക്ഷിയുടെ റിപ്പോർട്ടിലും മൊഴിയിലും പറയുന്നത്. ആയത് തള്ളികളയാൻ പറ്റുന്ന തരത്തിൽ ഏതെങ്കിലും തെളിവ് ഹർജികക്ഷി ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ എതിർകക്ഷികൾ ഹാജരാക്കിയിട്ടുള്ള മറുപടി അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 12-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm